# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1591 05/02/2019-ൽ മറുപടിയ്ക്ക്

## മങ്കട നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഉണ്ട്, ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായി 2001 മുതൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 100618 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 79384 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിക്കുകയും 3060 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ, പട്ടിക ജാതി എന്നീ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ഹഡ്കോയിൽ നിന്നുള്ള ലോൺ മുഖേനയുമാണ് കണ്ടെത്തുന്നത്. മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലുള്ള 337416 ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) | കേരളത്തിൽ നിലവിൽ വീടില്ലാത്ത എത്രപേരുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ഭവനരഹിതരായ എല്ലാവർക്കും ഈ പദ്ധതി പ്രകാരം വീട് നൽകുമോ; | ബി) | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ ഭൂമിയുള്ള ഭവനരഹിതരായി 184255 കുടുംബങ്ങളും, ഭൂരഹിത ഭവനരഹിതരായി 337416 കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുന്ന എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | മങ്കട നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | സി) | വിശദ വിവരം ചുവടെ ചേർക്കുന്നു |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | അർഹരായ ഗുണഭോക്താക്കളുടെ എണ്ണം | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| അങ്ങാടിപ്പുറം | 98 | 42 | 16 |
| കൂട്ടിലങ്ങാടി | 50 | 22 | 5 |
| കുറുവ | 102 | 25 | 0 |
| മക്കരപ്പറമ്പ് | 18 | 13 | 2 |
| മങ്കട | 35 | 18 | 11 |
| മൂർക്കനാട് | 45 | 22 | 0 |
| പുഴക്കാട്ടിരി | 38 | 22 | 2 |
| **ആകെ** | **386** | **164** | **36** |

**സെക്ഷൻ ഓഫീസർ**